പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

17.12.2014 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 4508

## തൊഴിൽ വകുപ്പിന് കീഴിലെ ക്ലാസ്സ് നാല് വിഭാഗം ജീവനക്കാരുടെ സ്ഥാനകയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ: | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിൽ ക്ലാസ് നാല് വിഭാഗം തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്തു വരുന്നതെന്ന് വിശദമാക്കാമോ; | (എ) തൊഴിൽ വകുപ്പിനു കീഴിൽ ക്ളാസ്സ് 4 വിഭാഗം തസ്തികയിൽ 192 ജീവനക്കാർ ജോലി ചെയ്തുവരുന്നു. |
| (ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് ഏതു പ്രകാരമാണെന്ന് വിശദമാക്കാമോ; | (ബി) 24-01-2012-ലെ ജി.ഒ.(എം.എസ്) 14/12/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ക്ളാർക്ക് /എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 4% പ്രമോഷൻ വഴി നൽകുന്നതിന് ഉത്തരവാകുകയും അതനുസരിച്ച് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് ജീവനക്കാരിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയും സീനിയോരിറ്റിയും മാനദണ്ഡമാക്കി യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ ലഭ്യമാക്കി സ്ഥാനക്കയറ്റം നൽകുകയും തുടർന്ന് സർക്കാരിലെ 03-01-2014-ലെ സർക്കാർ ഉത്തരവ് (പി) നം. 1/2014 പ്രകാരം 10% ഒഴിവുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് വിഭാഗം ജീവനക്കാർക്ക് വിദ്യാഭ്യാസ യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ മാനദണ്ഡമാക്കി തസ്തികമാറ്റം വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) അവസാനമായി എന്നാണ് ക്ലാസ് നാല് വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയതെന്ന് പറയാമോ; | (സി) 22-06-2012-ലാണ് ക്ളാസ്സ് -4 വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത്. |

| | | | |
|---|---|---|---|
| (ഡി) ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും നിലവിൽ ജോലി ചെയ്തുവരുന്ന എത്ര പേർക്കാണ് ഇതുപ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതെന്നും വിശദമാക്കാമോ; | (ഡി) | സർക്കാരിലെ 24-01-2012-ലെ ജി.ഒ. (എം.എസ്) 14/2012/തൊഴിൽ നമ്പർ ഉത്തരവിന്റെയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി തൊഴിൽ വകുപ്പിലെ ക്ളാസ്സ് -4 വിഭാഗം ജീവനക്കാർക്ക് തസ്തികയുടെ 4% കണക്കാക്കി 16 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ളാർക്ക് തസ്തികയിലും 3 പേർക്ക് ടൈപ്പിസ്റ്റ് തസ്തികയിലും പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ഇ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 03-01-2014-ലെ സ.ഉ. (പി) നം. 1/2014 പ്രകാരം പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ? | (ഇ) | സ്ഥാനക്കയറ്റം നൽകിയിട്ടില്ല. 03-1-2014-സർക്കാർ ഉത്തരവിന് സ്പഷ്ടീകരണം നൽകിയ 19-07-2014-ലെ ഉത്തരവിൽ ജില്ലാതല സീനിയോരിറ്റി cadre strength -ൽ നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ 03-01-2014-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ പാടുള്ളൂവെന്ന് അറിയിച്ചിട്ടുള്ളതിനാൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്മാരുടെ ജില്ലാതല സീനിയോറിറ്റി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ